**പതിമൂന്നാം കേരള നിയമസഭ**
**പതിനഞ്ചാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.1372** **03.12.2015 -ൽ മറുപടിക്ക്**

## കൊടുവള്ളി നിയോജകമണ്ഡലത്തിലെ പാലങ്ങൾ

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീ.പി.ടി.എ. റഹീം** | **ശ്രീ. വി.കെ.ഇബ്രാഹിം കുഞ്ഞ് (പൊതുമരാമത്ത് വകുപ്പുമന്ത്രി)** |
| (എ) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് കൊടുവള്ളി നിയോജക മണ്ഡലത്തിൽ എത്ര പാലങ്ങൾക്കാണ് ഭരണാനുമതി ലഭ്യമാക്കിയിരുന്നതെന്ന് വിശദമാക്കാമോ; | (എ) 9 പാലങ്ങൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. |
| (ബി) ഇവ ഓരോന്നിന്റെയും നിലവിലുള്ള സ്ഥിതി എന്താണെന്ന് വ്യക്തമാക്കാമോ? | (ബി) 1. പൈമ്പാലശ്ശേരി പാലം - പ്രവൃത്തി നടന്നു വരുന്നു. സ്ഥലമെടുപ്പ് നടപടികൾ പൂർത്തീകരിക്കേണ്ടതുണ്ട്.<br>2. ചക്കിക്കാവ് പാലം - പൂർത്തീകരിച്ചു.<br>3. മൊയൊട്ടക്കടവ് പാലം - പൂർത്തീകരിച്ചു.<br>4. കരുവറ്റക്കടവ് പാലം - ഭരണാനുമതിയുടെ കാലാവധി കഴിഞ്ഞതിനാൽ പുതുക്കിയ നിരക്കിൽ ഭരണാനുമതി നൽകുന്നതിന് DPR സമർപ്പിക്കുന്നതിന് നിരത്തുകളും പാലങ്ങളും വിഭാഗം ചീഫ് എഞ്ചിനീയർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.<br>5. മുന്നമണ്ണിൽക്കടവ് പാലം - പുതുക്കിയ നിരക്കിലുള്ള എസ്റ്റിമേറ്റ് തയ്യാറാക്കി വരുന്നു. |

6. നടമ്മൽക്കടവ് പാലം - പ്രവൃത്തി ടെണ്ടർ ചെയ്യെങ്കിലും സ്ഥലം ലഭ്യ മല്ലാത്തതിനാൽ തുടർ നടപടികൾ നിർത്തി വച്ചിരിക്കുകയാണ്.
7. അനാരുകണ്ടം പാലം - ടെണ്ടറിന് അംഗീകാരം നൽകിയിട്ടുണ്ട്. തുടർ നടപടി സ്വീകരിച്ചു വരുന്നു.
8. കിഴക്കോത്ത് പള്ളിക്കടവ് പാലം - ടെണ്ടർ അംഗീകാരം നൽകുന്നതിനായി പരിശോധിച്ചു വരുന്നു.
9. കുളിരാനതിരിപ്പാലം - പുതുക്കിയ അലൈൻമെന്റ് തയ്യാറാക്കി വരുന്നു.

സെക്ഷൻ ഓഫീസർ